# ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ ഡോ.കെ. വാസുകി ഐ.എ.എസ്)

വിഷയം:- തസ്വഭവ - ശുചിത്വമിഷൻ - തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കപ്പെടുന്ന ക്രിമറ്റോറിയം - രൂപ കല്പന, സ്ഥാപിക്കൽ, പ്രവർത്തിപ്പിക്കലും പരിപാലനവും ഏർപ്പെടുത്തുന്നതിലേക്കും - ഏജൻസികളെ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 16.02.2016-ൽ ശുചിത്വ മിഷനിൽ വച്ച് കൂടിയ സാങ്കേതിക സമിതിയുടെ തീരുമാനം.
2. 23.11.2016-ൽ കൂടിയ 26-ാമത് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ 3.6 നമ്പർ തീരുമാനം.

**ഉത്തരവ് നം. 1245/സി1/2016/എസ്.എം.** **തീയതി: 01/03/2017**

തദ്ദേശ സ്വയഭരണ സ്ഥാപനതലങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കപ്പെടുന്ന ക്രിമറ്റോറിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് രൂപകല്പന, സ്ഥാപിക്കൽ, പ്രവർത്തിപ്പിക്കലും പരിപാലനവും എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് വിവിധ ഏജൻസികളിൽ നിന്നും ലഭ്യമായിരുന്ന പ്രൊപ്പോസലുകൾ സൂചന (1) പ്രകാരമുള്ള സാങ്കേതിക സമിതി വിശദമായ പരിശോധന നടത്തി ശുപാർശ നൽകിയിരുന്നു. സൂചന (2) പ്രകാരം ഈ മേഖലയിൽ, വിദഗ്ധ സാങ്കേതിക സമിതിയുടെ നിർദ്ദേശപ്രകാരം, സേവനദാതക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരിക്കുന്നു. ആകയാൽ സൂചന (1)-ലെ തീരുമാനപ്രകാരം ശുപാർശ ചെയ്തിട്ടുള്ള ചുവടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 ഏജൻസികളെ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കാവുന്ന ക്രിമറ്റോറിയം ഫർണസും അനുബന്ധഘടകങ്ങളും (സിവിൽ പ്രവൃത്തികൾ ഒഴികെ) രൂപകല്പന, സ്ഥാപിക്കൽ, പ്രവർത്തിപ്പിക്കലും പരിപാലനവും എന്നീ പ്രവൃത്തികൾ നിർവ്വഹണം നടത്തുവാൻ വേണ്ടി 2017 മാർച്ച് 1 മുതൽ രണ്ടു വർഷത്തേയ്ക്ക് താഴെ പറയുന്ന നിബന്ധനകളോടെ എംപാനൽഡ് ഏജൻസികളായി ഇതിനാൽ അംഗീകരിച്ച് ഉത്തരവാകുന്നു.

| SL. No. | Agencies |
|---|---|
| 1. | **JWALAA EQUIPMENTS AND CONSULTANTS**<br>O/o. Buidarcs Engineers,<br>XXVII/392,<br>Kripa Building,<br>Near Railway gate, East Nada Guruvayur,<br>Kerala - 680 101 |

| SL. No. | Agencies |
|---|---|
| | chennai Office:<br>G2 Sri Apartments, 11/7,<br>Mosque Street,<br>Saidapet, Chennai - 600015.<br>Phone: 04872550690,93443038185<br>Mobile: 09443038185<br>Web:www.jwalaa.com<br>*email : jwalaaequip@gmail.com* |
| 2. | **ALPHA EQUIPMENTS**<br>C1-61/A GIDC,<br>Makarpura, Vadodara,<br>Gujarat - 390010<br>Ph.No: 9227132325/6,<br>9979790657<br>*E-mail: alphaequipments1980@gamil.com*<br>*Website: http://alphaequipments.in/* |
| 3. | **ESSCO FURNACES PRIVATE LIMITED**<br>No: 57, Velachery Main Road,<br>Little Mount, Saidapet<br>Chennai - 600015<br>Phone: 044-22253547, 22253863,22252944<br>*Email. essco81@gmail.com* |
| 4. | **HI-TECK CREMATORIUM PVT.LTD.**<br>Melathil Bunglow,<br>Angadical North,<br>Kaippattor (via)<br>Pathanamthitta Dist<br>Kerala - 689 648<br>Phone: 0473-4285243<br>Mob:094470 59573<br>*Email: hiteckcrematorium@gmail.com* |
| 5. | **RAIDCO**<br>RAIDCO Tower<br>SPCA road<br>Post Box No: 407<br>Kannur 670002<br>Phone: 0497- 2700192,875<br>Fax:04972700192<br>*Email: info@raidco.in* |

പ്രസ്തുത എംപാനൽ ചെയ്യപ്പെട്ട ഏജൻസികളിൽ നിന്നും ടെന്റർ നടപിക്രമങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം എൽ.പി.ജി. ക്രിമറ്റോറിയം രൂപകല്പന, സ്ഥാപിക്കൽ, പ്രവൃത്തിപ്പിക്കലും, പരിപാലനവും എന്നിവയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കേണ്ടത്. എന്നാൽ ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം, പ്രോജക്ട് നിർവഹണ

ത്തിനായി എംപാനൽ ചെയ്യപ്പെട്ട ഏജൻസികൾ, സ്ഥാപിക്കുന്ന പ്ലാന്റിന്റെ പ്രവർത്തനം പരിശോധന നടത്തുന്ന വേളയിൽ തൃപ്തികരമായി കാണാത്തപക്ഷം അത്തരം ഏജൻസികൾക്ക് നൽകിയ അംഗീകാരം പുനപരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

നിബന്ധനകൾ

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ആവശ്യകത മുകളിൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ സേവനദാതാക്കളെയും രേഖാമൂലം അറിയിക്കേണ്ടതാണ്.
2. പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുമ്പായി നടപ്പാക്കേണ്ട പദ്ധതിക്ക് ഭരണാനുമതി, സാങ്കേതികാനുമതി, ധനാനുമതി മുതലായവ ലഭ്യമായിട്ടുണ്ടോ എന്ന് സേവനദാതാക്കൾ പരിശോധിച്ച് ഉറപ്പ്വരുത്തേണ്ടതാണ്.
3. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡ്സ് ആന്റ് സ്പെസിഫിക്കേഷൻസ് നിർബന്ധമായും എല്ലാ സേവനദാതാക്കളും പാലിക്കേണ്ടതാണ്. അതോടൊപ്പം നിയമപരമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പദ്ധതിക്ക് ലഭ്യമാക്കേണ്ട അനുമതി ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം പ്രവർത്തി ഏറ്റെടുക്കാവുന്നതാണ്. ഇതു കൂടാതെ പഞ്ചായത്ത് രാജ് (ബറിയൽ & ബർണിങ്ങ് ഗ്രൗണ്ട്സ്) റൂൾസ് 1998 -ൽ അനുശാസിക്കുന്ന നിബന്ധനകളും പാലിച്ചിരിക്കണം.
4. സേവനദാതാക്കളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വമിഷൻ അത് ഗൗരവമായി കാണുന്നതാണ്.
5. സേവനദാതാക്കളുടെ കാലാവധി മാർച്ച് 1, 2017 മുതൽ രണ്ടു വർഷത്തേക്കായിരിക്കുന്നതും (28.02.2019 വരെ), ആയതിന് ശേഷം യോഗ്യതാനിർണ്ണയം നടത്തി അംഗീകാരം പുതുക്കി നൽകുന്നതുമാണ്. ഇക്കാലയളവിൽ ടി സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശം, പ്രവർത്തി വിവരങ്ങൾ, പ്രവർത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് എന്നിവ ഓരോ സാമ്പത്തിക വർഷാവസാനവും ശുചിത്വമിഷനിൽ ലഭ്യമാക്കേണ്ടതാണ്
6. സേവനദാതാക്കൾ, മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം യാതൊരു അറിയിപ്പും കൂടാതെ ഏതൊരു സമയത്തും ടി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
7. കേരള സർക്കാർ/ശുചിത്വമിഷൻ, ഈ മേഖലയുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും സേവനദാതാക്കൾക്ക് ബാധകമായിരിക്കും.

8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ശ്മശാനങ്ങളുടെ O&M കുറഞ്ഞത് 10 വർഷമെങ്കിലും ഏറ്റെടുത്ത് നടപ്പാക്കാൻ സേവനദാതാക്കൾ തയ്യാറായിരിക്കണം.

9. 10 വർഷം O&M ഏറ്റെടുത്ത് നടപ്പാക്കിയതിനു ശേഷം വീണ്ടും തുടർന്നുള്ള വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ / ബന്ധപ്പെട്ട സ്ഥാപനം ആവശ്യപ്പെടുന്നുണ്ടെങ്കിൽ തുടർന്നും സേവനദാതാക്കൾ നേരിട്ട് O&M നടപ്പാക്കേണ്ടതാണ്.

10. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ഏജൻസികളെയും രേഖാമൂലം അറിയിച്ച് മത്സരാധിഷ്ഠിത ടെന്റർ പ്രക്രിയയും procurement rules-ലെ വ്യവസ്ഥകളും പാലിച്ചുകൊണ്ടുവേണം ഏജൻസിയെ തെരഞ്ഞെടുക്കേണ്ടതും പ്രോജക്ട് നിർവ്വഹണം നടത്തേണ്ടതും.

11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സേവനദാതാക്കളുമായി ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനുമായി കരാറിൽ ഏർപ്പെടുമ്പോൾ, കരാറിന്റെ കരട് ജില്ലാ ശുചിത്വ മിഷനിൽ അയച്ച് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

പകർപ്പ്:-
1. പഞ്ചായത്ത് ഡയറക്ടർ (അറിവിലേയ്ക്ക്)
2. നഗരകാര്യ ഡയറക്ടർ (അറിവിലേയ്ക്ക്)
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
5. ബന്ധപ്പെട്ട എല്ലാ സേവനദാതാകൾക്കും
6. കില, മുളങ്കുന്നത്തുക്കാവ്, തൃശൂർ
7. എസ്.ഐ.ആർ.ഡി, കൊട്ടാരക്കര
8. വെബ്സൈറ്റ്
9. ഓഫീസ് കോപ്പി/കരുതൽ ഫയൽ